കേരള സർക്കാർ

തദ്ദേശസ്വയംഭരണ (എഎ) വകുപ്പ്

നമ്പർ. 17166/എ.എ3/09/ത.സ്വ.ഭ.വ  തിരുവനന്തപുരം, തീയതി 10/11/2009.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് കാർഷികയന്ത്രങ്ങളും സാമഗ്രികളും റെയിഡ്കോയിൽനിന്നും, കെയ്കോവിൽ നിന്നും വാങ്ങുന്നതു സംബന്ധിച്ച്.

സൂചന :- 1. 28/3/98-ലെ 4348/എൽ3/98/ത.സ്വ.ഭ.വ.നം. ഗവ. സർക്കുലർ.

2. 20/3/04-ലെ 56414/ഡിപി1/03/ത.സ്വ.ഭ.വ. നമ്പർ ഗവ. സർക്കുലർ.

സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ പ്രകാരം 20,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും സാമഗ്രികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനപ്രകാരം റിജിയണൽ ആഗ്രോ ഇൻഡസ്ട്രീയൽ ഡവലപ്പ്മെൻറ് കോ-ഓപ്പറേറ്റീവ്സിൽ (RAIDCO) നിന്നോ, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO) നിന്നോ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് മുകളിൽ രണ്ടാമതു പരാമർശിച്ച സർക്കുലർ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമുള്ള കാർഷിക യന്ത്രങ്ങളും സാമഗ്രികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനപ്രകാരം റെയ്ഡ്കോ, കെയ്കോ, കാംകോ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വാങ്ങുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

1. റെയ്ഡ്കോ,കെയ്കോ, കാംകോ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന യന്ത്ര സാമഗ്രികൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാവൂ.

2. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത കാർഷിക യന്ത്രങ്ങളും സാമഗ്രികളും വാങ്ങുമ്പോൾ സ്റ്റോഴ്സ് പർച്ചേയ്സ് വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

മുകളിൽ രണ്ടാമതു സൂചിപ്പിച്ച സർക്കുലർ മേൽപ്പറഞ്ഞരീതിയിൽ ഭേദഗതി ചെയ്യുന്നു.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പു ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ് ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (മുനി. ഭരണ ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ.